## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 781 | 10.06.2019-ൽ മറുപടിക്ക്

### അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിലെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ശബരിമല വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വനാവകാശനിയമപ്രകാരം എത്ര ഏക്കർ ഭൂമിയാണ് വനം വകുപ്പ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ മറ്റ് അടിസ്ഥാനസൗകര്യങ്ങളൊന്നും ഇതുവരെ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | അട്ടത്തോട് ട്രൈബൽ എൽ.പി സ്കൂളിന് വനം വകുപ്പിൽ നിന്നും 1.23 ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. ടി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എന്തുകൊണ്ടാണ് വനഭൂമി ലഭിച്ചിട്ടും കെട്ടിടം നിർമ്മിക്കാൻ കഴിയാതിരുന്നതെന്നും കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | ബി) യും സി) യും | അട്ടത്തോട് ട്രൈബൽ സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 9,37,89,504/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ടി എസ്റ്റിമേറ്റ് പൂൾഡ് ഫണ്ടിൽ പ്പെടുത്തി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കായി സമർപ്പിച്ചിരുന്നു. ടി സ്കൂൾ സർക്കാർ സ്കൂൾ ആയതിനാൽ നിർമ്മാണ പ്രവർത്തികൾ |
| സി) | പ്രസ്തുത പ്രവർത്തിക്കായി ഒൻപത് കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത | | |

| | | | |
|---|---|---|---|
| | തിന്റെ കാരണമെന്തെന്നും എന്ന ത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ/എം.പി എന്നിവ മാനദണ്ഡപ്രകാരം ഏകോപിപ്പിച്ച് തുക കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം തുടർനടപടികൾ സ്വീകരിക്കുന്നതിനായി റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മുഖാന്തിരം പത്തനംതിട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പാണ്. |

**സെക്ഷൻ ഓഫീസർ**